**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4675** **13-03-2023 - ൽ മറുപടിയ്ക്ക്**

**സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. പി. ടി. എ. റഹീം | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വാഭാവിക വനങ്ങളുടെ പരിപാലനത്തിനും പുന:സ്ഥാപനത്തിനും പൊതുജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സ.ഉ. (കൈ) നം. 29/2021/വനം തീയതി 17.12.2021 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം സംബന്ധിച്ച നയരേഖയിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.<br><br>സ്വാഭാവികതയും ജൈവവൈവിദ്ധ്യവും നഷ്ടപ്പെട്ട ശുഷ്കിച്ച വനപ്രദേശങ്ങളിൽ പരിസ്ഥിതി പുന:സ്ഥാപന പ്രവർത്തനങ്ങൾ വനാശ്രിതസമൂഹത്തിന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കുകയും ഇത് പാരിസ്ഥിതിക ഭദ്രത, ജലസുരക്ഷ എന്നിവ മെച്ചപ്പെടുത്തുന്നതിനോടൊപ്പം തദ്ദേശിയർക്ക് ധാരാളം തൊഴിലവസരങ്ങളും സൃഷ്ടിക്കുകയും ചെയ്യും.<br><br>തടിയിതര വനവിഭവങ്ങളുടെ സുസ്ഥിരമായ ശേഖരണവും, മൂല്യവർദ്ധനവും, വിപണനവും ആദിവാസി വിഭാഗങ്ങളുടെ സഹകരണത്തോടുകൂടി നടപ്പിലാക്കും. പങ്കാളിത്ത വനപരിപാലനത്തിന്റെയും, വനാവകാശ നിയമത്തിന്റെയും സാധ്യതകൾ ഇതിനായി ഉപയോഗിക്കുകയും ഇത് വനാശ്രിത ആദിവാസി സമൂഹത്തിന് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.<br><br>വനനശീകരണത്തിനും മൂല്യശോഷണത്തിനും കാരണമായ കാട്ടുതീയിൽ നിന്നും വനപ്രദേശങ്ങളെ സംരക്ഷിക്കുന്നതിനായി പൊതുജന പങ്കാളിത്തത്തോട്ടുകൂടിയും, ആധുനിക രീതികൾ അവലംബിച്ചും അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കും. |

| | | | |
|---|---|---|---|
| | | | കൂടാതെ വനം വകുപ്പിൽ **GIM** (Green India Mission), **NAP**(National Afforestation Programme),**CAMPA** (Compensatory Afforestation Fund Management and Planning Authority) പദ്ധതികൾ മുഖേന നടപ്പിലാക്കി വരുന്ന വനസംരക്ഷണ പ്രവർത്തനങ്ങളും മണ്ണ്-ജല സംരക്ഷണ പ്രവർത്തികളും വനാശ്രിതരായ ആദിവാസി വിഭാഗത്തിൽപ്പെട്ടുന്ന ജനങ്ങളും തദ്ദേശീയരായ മറ്റ് ജനവിഭാഗങ്ങളും ഉൾപ്പെട്ട വനസംരക്ഷണ സമിതികൾ, ഇക്കോ ഡവലപ്മെൻറ് കമ്മിറ്റികൾ എന്നിവ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. |
| (ബി) | സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനത്തിനായി നയരേഖ രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി മാറുവാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | (ബി) | സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിനായി നയരേഖ രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമാണ് കേരളം. സ.ഉ. (കൈ) നം. 29/2021/വനം തീയതി 17.12.2021 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള പ്രസ്തുത നയരേഖയിൽ വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി കേരളത്തിലെ സ്വാഭാവിക വനങ്ങൾ വെട്ടിതെളിച്ച് വെച്ചുപിടിപ്പിച്ചതും, പിന്നീട് പരിസ്ഥിതിക്കും, ആവാസ വ്യവസ്ഥക്കും ദോഷകരമാണെന്ന് കണ്ടെത്തിയതും, കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ തുടങ്ങിയ വിദേശ ഏകവിള തോട്ടങ്ങൾ ഘട്ടം ഘട്ടമായി നീക്കം ചെയ്ത് അവയെ സ്വാഭാവിക വനങ്ങളായി പുനഃസ്ഥാപനം നടത്തുവാനും വനത്തിന്റെ ആവാസ വ്യവസ്ഥയെ അത്യധികം പ്രതികൂലമായി ബാധിക്കുന്ന സെന്ന, ലെൻറാന, മൈക്കേനിയ തുടങ്ങിയ കളസസ്യങ്ങളെ യുദ്ധകാലാടിസ്ഥാനത്തിൽ നീക്കം ചെയ്ത് സ്വാഭാവികമായി കാണപ്പെടുന്ന തദ്ദേശ ഇനം സസ്യങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളും വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ